2026
MARCH
11
WEDNESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ശുദ്ധജല പ്രശ്നം: ഗ്രാഫീൻ പുതിയ പ്രതീക്ഷയെന്ന് ഗവേഷകർ

**കൊച്ചി:** ലോകത്തെ ശുദ്ധജല പ്രശ്നത്തിന് പരിഹാരം കാണുന്നതിൽ ഗ്രാഫീന് നിർണായക പങ്ക് സാധ്യമെന്ന് ശാസ്ത്രജ്ഞർ. കൊച്ചിയിൽ നടക്കുന്ന അന്താരാഷ്ട്ര ഗ്രാഫീൻ സമ്മേളനമായ 'ഗ്രാഫിൻ 2026'ന്റെ രണ്ടാം ദിവസത്തെ ചർച്ചകളിലാണ് ഈ വിലയിരുത്തൽ. ഗ്രാഫീൻ ഉപയോഗിച്ച പുതിയ ഫിൽറ്ററുകളും നാനോ സംയുക്ത വസ്തുക്കളുമാണ് വെള്ളത്തിലെ വിഷാംശങ്ങളും മലിനീകരണങ്ങളും നീക്കം ചെയ്യുന്ന പുതിയ താരം. ഗ്രാഫീൻ അടിസ്ഥാനമാക്കിയ നാനോ സംയുക്തങ്ങൾക്ക് വലിയ ഉപരിതല വിസ്തീർണ്ണവും ശക്തമായ രാസപ്രവർത്തന ശേഷിയും ഉള്ളതിനാൽ വെള്ളത്തിലെ വിഷാംശങ്ങളെ പിടിച്ചെടുക്കാൻ കഴിയുമെന്ന് ഡിആർഡിഒയുടെ സെന്റർ ഫോർ ഫയർ, എക്സ്പ്ലോസീവ് ആൻഡ് എൻവയോൺമെന്റ് സേഫ്റ്റിയിലെ ഡോ. ഭാരതി പറഞ്ഞു. മാഞ്ചസ്റ്റർ സർവകലാശാലയിലെ നാഷണൽ ഗ്രാഫീൻ ഇൻസ്റ്റിറ്റിയൂട്ടിലെ ഡോ. പ്രേംലാൽ ബി. പിള്ള ഗ്രാഫീൻ ഫിൽറ്റർ മെംബ്രേൻ സാങ്കേതികവിദ്യ അവതരിപ്പിച്ചു.




സൂക്ഷ്മമായ ചെറു ചാലുകൾ ഉള്ള ഗ്രാഫീൻ പാളികളിലൂടെ വെള്ളം കടന്നുപോകുമ്പോൾ ഉപ്പും ഭാരലോഹങ്ങളും മറ്റ് മാലിന്യങ്ങളും തടയാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. സാധാരണ ഉപയോഗിക്കുന്ന റിവേഴ്സ് ഓസ്മോസിസ് പോലുള്ള രീതികളിൽ നിന്ന് വ്യത്യസ്തമാണിത്. ഗ്രാഫീൻ പാളികൾ തമ്മിലുള്ള വിടവുകളും,വൈദ്യുത ചാർജും നിയന്ത്രിച്ച് വെള്ളത്തിലെ അയൺ കണങ്ങൾ കൃത്യമായി ഫിൽറ്റർ ചെയ്യാൻ കഴിയും. ഇത്തരം സാങ്കേതികവിദ്യകൾ കടൽജലം ശുദ്ധീകരണത്തിലും മലിനജല ശുദ്ധീകരണത്തിലും വലിയ മാറ്റം ഉണ്ടാക്കുമെന്ന് വിദഗ്ധർ പറഞ്ഞു. കുറഞ്ഞ ഊർജ ഉപയോഗത്തിൽ കൂടുതൽ ഫലപ്രദമായ ശുദ്ധീകരണം സാധ്യമാക്കാനും ഇതിന് കഴിയും. ഗ്രാഫീന്റെ നേർമ്മയും ഉയർന്ന ശക്തിയും രാസസ്ഥിരതയും കാരണം അതിനൂതന ഫിൽറ്റർ സംവിധാനങ്ങൾക്ക് ഇത് വളരെ അനുയോജ്യമാണ്. പരമ്പരാഗത രീതികളിലൂടെ നീക്കം ചെയ്യാൻ ബുദ്ധിമുട്ടുള്ള മാലിന്യങ്ങളും ഇതിലൂടെ ഒഴിവാക്കാൻ കഴിയും.

വ്യവസായ മാലിന്യജല ശുദ്ധീകരണത്തിലും ഗ്രാഫീൻ ഫിൽറ്ററുകൾക്ക് വലിയ സാധ്യതയുണ്ടെന്ന് ഗവേഷകർ പറഞ്ഞു. വ്യവസായങ്ങളിൽ നിന്നുള്ള ഭാരലോഹങ്ങൾ, നിറങ്ങൾ തുടങ്ങിയ വിഷാംശങ്ങൾ പരിസ്ഥിതിയിലേക്ക് പോകുന്നതിന് മുമ്പ് നീക്കം ചെയ്യാൻ ഇത് സഹായിക്കും. സമ്മേളനത്തിന്റെ രണ്ടാം ദിവസത്തിൽ ഊർജ സാങ്കേതികവിദ്യ, സൂപ്പർ കപ്പാസിറ്ററുകൾ, സോഡിയം അയോൺ ബാറ്ററികൾ, ഹൈഡ്രജൻ സംഭരണം തുടങ്ങിയ വിഷയങ്ങളും ചർച്ചയായി.

ആരോഗ്യ നിരീക്ഷണത്തിനുള്ള ഫ്ളെക്സിബിൾ സെൻസറുകൾ, സൂക്ഷ്മ രോഗനിർണയ ഉപകരണങ്ങൾ തുടങ്ങിയ ഗ്രാഫീൻ അടിസ്ഥാനമാക്കിയ സാങ്കേതികവിദ്യകളും അവതരിപ്പിച്ചു.കാണ്ടം മെറ്റീരിയലുകൾ, പുതിയ സെമികണ്ടക്ടർ സാങ്കേതികവിദ്യകൾ, സാങ്കേതിക സെഷനുകൾ, വ്യവസായികമായ പ്രയോഗങ്ങൾ എന്നിവ സംബന്ധിച്ച് നിരവധി ചർച്ചകൾ എന്നിവ അടുത്ത രണ്ടു ദിവസങ്ങളിലായി നടക്കും.

# പ്രധാനമന്ത്രി ഇന്ന് കൊച്ചിയിൽ; നഗരം കനത്ത സുരക്ഷയിൽ

**കൊച്ചി:** വിവിധ കേന്ദ്രസർക്കാർ പദ്ധതികളുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കൊച്ചിയിലെത്തും. രാവിലെ 11.45ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തുന്ന അദ്ദേഹം ഹെലികോപ്റ്റർ മാർഗം ഉച്ചയ്ക്ക് 12:15ന് കൊച്ചി നാവിക ആസ്ഥാനത്ത് എത്തും.

അവിടെനിന്ന് റോഡ് മാർഗം മറൈൻ ഡ്രൈവിലേക്ക് തിരിക്കും. ഉച്ചയ്ക്ക് 12:30 മുതൽ 1:00 വരെ മറൈൻ ഡ്രൈവിൽ നടക്കുന്ന പൊതു സമ്മേളനത്തിൽ പങ്കെടുക്കും. തുടർന്ന് ഉച്ചയ്ക്ക് 1.15ന് കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ വിവിധ കേന്ദ്ര സർക്കാർ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കും. 5500 കോടിയിലധികം രൂപ ചെലവിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ കൊച്ചി റിഫൈനറിയിൽ സ്ഥാപിക്കുന്ന പോളിപ്രൊപ്പലിൻ യൂണിറ്റിന്റെ ഉദ്ഘാടനവും, കൊല്ലം വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്ന 50 മെഗാവാട്ട് ഫ്ളോട്ടിംഗ് സോളാർ പദ്ധതിയുടെ ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും. കാസർകോട്, കണ്ണൂർ ജില്ലകളിലെ യാത്ര സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 2,650 കോടി രൂപ ചിലവിൽ നിർമ്മിച്ച മുംബൈ-കന്യാകുമാരി ഇക്കണോമിക് കോറിഡോറിന്റെ ഭാഗമായുള്ള തലപ്പാടി ചെങ്കള സെക്ഷൻ (ആറുവരിപ്പാത, 2,140 കോടി രൂപ ചെലവിൽ വെങ്ങളം മുതൽ രാമനാട്ടുകര വരെ ആറുവരിപ്പാതയായി നവീകരിച്ച കോഴിക്കോട് ബൈപ്പാസ്, പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം നിർമ്മിച്ച 23 ഗ്രാമീണ റോഡുകൾ തുടങ്ങിയ പദ്ധതികളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിക്കും. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച ഷൊർണൂർ ജംഗ്ഷൻ, കുറ്റിപ്പുറം, ചങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷനുകളുടെയും ഷൊർണൂർ-നിലമ്പൂർ റോഡ് റെയിൽവേ ലൈൻ വൈദ്യുതീകരണ പദ്ധതിയുടെയും ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും. പാലക്കാട് - പൊള്ളാച്ചി റൂട്ടിലെ പുതിയ ട്രെയിൻ സർവീസിന്റെ ഫ്ളഗ് ഓഫും ഇതോടൊപ്പം നടക്കും. ഉദ്ഘാടന ചടങ്ങുകൾക്ക് ശേഷം ഉച്ചയ്ക്ക് 2.15 മുതൽ 3.15 വരെ കലൂർ സ്റ്റേഡിയത്തിൽ പൊതുസമ്മേളനത്തിൽ പങ്കെടുക്കും.

ശേഷം വൈകുന്നേരം 3.20ഓടെ അദ്ദേഹം തിരികെ നാവിക ആസ്ഥാനത്ത് നിന്ന് നെടുമ്പാശേരിക്ക് പോകും. പ്രധാനമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് കൊച്ചിയിൽ കനത്ത പോലീസ് സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

# ഗ്യാസ് സിലിണ്ടറുകളുടെ വിതരണത്തിൽ നിയന്ത്രണം; പൂഴ്ത്തിവെച്ചാൽ നടപടിയെന്ന് മന്ത്രി

**തിരുവനന്തപുരം:** യുദ്ധത്തെ തുടർന്ന് മധ്യേഷ്യയിൽ നിന്നുള്ള എൽപിജി സ്റ്റോക്കിന്റെ ലഭ്യതയിൽ ദൗർലഭ്യം നേരിട്ട സാഹചര്യത്തിൽ എൽപിജി സിലിണ്ടറുകളുടെ വിതരണത്തിൽ കേന്ദ്ര സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഒരിക്കൽ ബുക്ക് ചെയ്തു 25 ദിവസം കഴിഞ്ഞു മാത്രമാണ് നിലവിൽ അടുത്ത ബുക്കിംഗ് സാധ്യമാകുന്നത്. അതിനാൽ വലിയ ആശങ്ക ഉപഭോക്താക്കൾക്കിടയിൽ ഉണ്ട്. ഇത് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യാനായി ഓയിൽ കമ്പനി പ്രതിനിധികളുടെ യോഗം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ വിളിച്ചുചേർത്തു. ഗാർഹിക ഉപയോഗത്തിനുള്ള സിലിണ്ടറുകളുടെ വിതരണത്തിൽ ഷോർട്ടേജ് ഇല്ലായെന്നും വ്യവസായിക ആവശ്യങ്ങൾക്കായുള്ള സിലിറുകൾ ഉപയോഗിക്കുന്ന, മുൻഗണനാക്രമത്തിൽ പരിഗണിക്കേണ്ടതായിട്ടുള്ള ആശുപത്രികൾ പോലെയുള്ള സ്ഥാപനങ്ങളേയും നിയന്ത്രണങ്ങൾ ബാധിക്കില്ലെന്നും ഓയിൽ കമ്പനികൾ അറിയിച്ചു. വ്യാവസായിക ആവശ്യങ്ങൾക്കായുള്ള സിലിണ്ടറുകളുടെ ദൗർലഭ്യം ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഗുരുതരമാണെന്നും അതിനാൽ നിയന്ത്രണങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് അയയ്ക്കുമെന്ന് മന്ത്രി അറിയിച്ചു.

ഗ്യാസ് സിലിണ്ടറുകളുടെ പൂഴ്ത്തിവെപ്പും ഡൈവർഷനും തടയുന്നതിനായി കർശന നടപടികൾ സ്വീകരിക്കുവാൻ മന്ത്രി നിർദ്ദേശം നൽകി. ജില്ലാകളക്ടറുടെയും ജില്ലാ സപ്ലൈ ഓഫീസർമാരുടെയും നേതൃത്വത്തിൽ പരിശോധന സ്ക്വാഡുകൾ രൂപീകരിച്ച് ഗ്യാസ് സിലിണ്ടറുകളുടെ ലഭ്യത ഉറപ്പാക്കും. യോഗത്തിൽ പൊതുവിതരണ ഉപഭോക്തൃ കാര്യ വകുപ്പ് സെക്രട്ടറി രാജമാണിക്യം, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ഹിമ കെ., ലാൻഡ് റവന്യൂ കമ്മീഷണർ ജീവൻ ബാബു തുടങ്ങിയവരും ഐ.ഒ.സി, ബി.പി.സി, എച്ച്.പി എന്നീ ഓയിൽ കമ്പനികളുടെ ഏരിയ മാനേജർമാരും പങ്കെടുത്തു.

# 'ഡാക് അദാലത്ത്' 24 ന് കൊച്ചിയിൽ

**കൊച്ചി:** എറണാകുളം പോസ്റ്റൽ ഡിവിഷന്റെ ഡിവിഷണൽ ലെവൽ 'ഡാക് അദാലത്ത്' മാർച്ച് 24 ന് വൈകുന്നേരം നാലിന് മണിക്ക് എറണാകുളം ഹെഡ് പോസ്റ്റ് ഓഫീസ് കോംപ്ലക്സിലെ അഞ്ചാം നിലയിലുള്ള എറണാകുളം ഡിവിഷൻ സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റിന്റെ ഓഫീസിൽ നടക്കും. അദാലത്തിൽ തപാൽ ഉപഭോക്താക്കളുടെ പരാതികൾ പരിഗണിക്കും. പരാതികൾ മുൻകൂട്ടി അയയ്ക്കണം. അയച്ചയാളുടെയും വിലാസക്കാരന്റെയും പൂർണ്ണ വിലാസം, പോസ്റ്റ് ചെയ്ത തീയതിയും സമയവും, രജിസ്ട്രേഷൻ രസീത് നമ്പർ, ഇഎംഒ/വിപി/രജിസ്റ്റർ ചെയ്തതോ ഇൻഷ്വർ ചെയ്തതോ/സ്പീഡ് പോസ്റ്റ് ആർട്ടിക്കിളുകൾ ബുക്ക് ചെയ്ത തീയതിയും ഓഫീസും ഉൾപ്പെടെയുള്ള പൂർണ്ണ വിവരങ്ങൾ ഇതിൽ അടങ്ങിയിരിക്കണം. മുൻ ഡാക് അദാലത്തുകളിൽ ഏറ്റെടുത്ത് തീർപ്പാക്കിയ കേസുകൾ വീണ്ടും പരിഗണിക്കുന്നതല്ല. പരാതികൾ 'ഡാക് അദാലത്ത്' എന്ന് എഴുതിയ കവറുകളിൽ 'സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ്, എറണാകുളം ഡിവിഷൻ, കൊച്ചി - 682 011' എന്ന വിലാസത്തിൽ അയയ്ക്കുകയോ അല്ലെങ്കിൽ sspekmdn.keralapost[at]gmail[dot]com എന്ന വിലാസത്തിൽ അയയ്ക്കുകയോ ചെയ്യാം. മാർച്ച് 19 ന് മുമ്പായി പരാതികൾ ലഭിക്കേണ്ടതാണ്. അപേക്ഷയിൽ മൊബൈൽ നമ്പറും ഇമെയിൽ ഐഡിയും ഉണ്ടായിരിക്കണം.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **കരുവേലിപ്പടി ഗവ. മഹാരാജാസ് താലൂക്കാശുപത്രി** : കരുവേലിപ്പടി ഗവ. മഹാരാജാസ് താലൂക്കാശുപത്രിയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഫാർമസിസ്റ്റിനെ നിയമിക്കുന്നതിനായി രാവിലെ 10ന് അഭിമുഖം നടക്കും.

■ **കൊച്ചി പനമ്പിള്ളിനഗർ അവന്യു സെൻ്റർ** : വസ്ത്രങ്ങൾ, ജ്വല്ലറി, ലൈഫ്സൈൽ വസ്തുക്കൾ തുടങ്ങിയവയുടെ പ്രദർശനം 'ഹായ് ലൈഫ്' രാവിലെ 10 മുതൽ.

■ **ഇടപ്പിള്ളി ചങ്ങമ്പുഴ പാർക്ക്** : കലാഭവൻ മണി അനുസ്മരണ ചടങ്ങ്. ദേശിയ കലാസംസ്കൃതി ദ്രോണാഫിലിം അവാർഡ് 2026 വൈകിട്ട് 6 ന്.

■ **കാക്കനാട് കേരള മീഡിയ അക്കാദമി** : കാക്കനാട് കേരള മീഡിയ അക്കാദമിയുടെ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിൽ 2024 – 25 ബാച്ചിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനവും സർട്ടിഫിക്കറ്റ് വിതരണവും രാവിലെ 11 ന്. ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് ഉദ്ഘാടനം ചെയ്യും. കേരള മീഡിയ അക്കാദമി ചെയർമാൻ ആർ. എസ്. ബാബു അധ്യക്ഷത വഹിക്കും. സെക്രട്ടറി അരുൺ എസ്. എസ്, ഡയറക്ടർ സി.എൽ തോമസ്, സുനിൽ പി. ഇളയിടം, സ്മിത ഹരിദാസ്, വിനിതാ വി.ജെ എന്നിവർ പങ്കെടുക്കും.

## ആലുവ

■ **എൻഡിആർ സ്പേസ് പ്രൈവറ്റ് ലിമിറ്റഡ്** : എൻ ഡി ആർ വേർഹൗസിംഗ് ആൻഡ് ഇൻഡസ്ട്രിയൽ പാർക്കിന്റെ ഉദ്ഘാടനം മന്ത്രി പി. രാജീവ് രാവിലെ 11 ന്. അൻവർ സാദത്ത് എം.എൽ.എ അധ്യക്ഷത വഹിക്കും.

## കോതമംഗലം

■ **മാർത്തോമ ചെറിയപ്പള്ളി** : കോതമംഗലം കൺവൻഷൻ രാവിലെ 9 മുതൽ. വലിയ മെത്രാ പോലീത്ത ഡോ. എബ്രഹാം മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യും. കോതമംഗലം മേഖലാ മെത്രാപോലീത്ത ഏലിയാസ് മോർ യൂലിയോസ്, ഡീൻ കുര്യാക്കോസ് എംപി, ആന്റണി ജോൺ എംഎൽഎ എന്നിവർ പങ്കെടുക്കും.

■ **ചെറുവട്ടൂർ ആയുർവേദ ആശുപത്രി** : ചെറുവട്ടൂർ ആയുർവേദ ആശുപത്രി ഒപി ബ്ലോക്ക് നിർമാണോദ്ഘാടനം ഉച്ചകഴിഞ്ഞ് 3ന് മന്ത്രി വീണാ ജോർജ് നിർവഹിക്കും.

■ **തൃക്കാരിയൂർ മഹാദേവ ക്ഷേത്രം** : ഭാഗവത സപ്താഹ യജ്ഞം രാവിലെ 6.15 മുതൽ.

## പറവൂർ

■ **കേസരി ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ്** : കേസരി ഗവ. കോളേജ ഉദ്ഘാടനം ഉച്ചകഴിഞ്ഞ് 3.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും. മന്ത്രി ഡോ. ആർ ബിന്ദു അധ്യക്ഷയാകും. പൊതുസമ്മേളനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എംപി, എസ് ശർമ, കെ പി ധനപാലൻ, പറവൂർ നഗരസഭ അധ്യക്ഷൻ രമേഷ് ഡി കുറുപ്പ് എന്നിവർ മുഖ്യാതിഥികളാകും.

# സോഷ്യൽ മീഡിയ ഉപയോഗിക്കാൻ അറിയാത്തവർ നിരക്ഷരർ: കെ.ബാബു എം.എൽ.എ



*പബ്ലിക് റിലേഷൻസും നവ മാധ്യമങ്ങളും എന്ന വിഷയത്തിൽ കൗൺസിലർമാർക്കായി പി.ആർ.സി.ഐ കൊച്ചി ചാപ്റ്ററിന്റെ സഹകരണത്തോടെ കൊച്ചി കോർപ്പറേഷൻ സംഘടിപ്പിച്ച ശിൽപശാല കെ.ബാബു എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. വി.എ.ശ്രീജിത്ത്, ഡെപ്യൂട്ടി മേയർ ദീപക് ജോയ്, മേയർ അഡ്വ.വി.കെ.മിനിമോൾ, ബാബു ജോസഫ്, എൽ.എസ്.സജി, മനോജ് മാനുവൽ എന്നിവർ സമീപം.*

**കൊച്ചി:** മാറിയ കാലത്ത് സോഷ്യൽ മീഡിയയെ ഉപയോഗിക്കാൻ അറിയാത്തവരെ ജനം നിരക്ഷരരുടെ ഗണത്തിലാണ് പെടുത്തുന്നതെന്ന് കെ. ബാബു എംഎൽഎ. പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ കൊച്ചി ചാപ്റ്ററിന്റെ സഹകരണത്തെടെ കൊച്ചി കോർപ്പറേഷൻ കൗൺസിലർമാർക്കായി സംഘടിപ്പിച്ച നവമാധ്യമ ശിൽപശാല കോർപ്പറേഷൻ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇരുവശത്തേയ്ക്കും സംവദിക്കാൻ സാധിക്കുന്നതും ദിനംപ്രതി തങ്ങളെ തന്നെ നവീകരിക്കാൻ ഉതകുന്നതുമായ ഇടമാണ് നവമാധ്യമങ്ങൾ. നവമാധ്യമങ്ങളെ അവഗണിക്കുന്നതും അവയ്ക്ക് അടിമപ്പെടുന്നതും ശരിയല്ലെന്നും കെ.ബാബു എം.എൽ.എ. അഭിപ്രായപ്പെട്ടു. കോർപ്പറേഷൻ മേയർ അഡ്വ.വി.കെ. മിനിമോൾ അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി മേയർ ദീപക് ജോയ്, കോർപ്പറേഷൻ പ്രതിപക്ഷ നേതാവ് വി.എ.ശ്രീജിത്ത്, വിവിവധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ഷാകൃത സുരേഷ്ബാബു, ആന്റണി പൈനുതറ, സീന ടീച്ചർ, ടി.കെ.അഷറഫ്, അഡ്വ.പി.എം നസീമ, കെ.എ മനാഫ്, ജിസ്മി ജെറാൾഡ്, പി.ആർ.സി.ഐ നാഷണൽ പ്രസിഡന്റ് ഡോ.ടി.വിനയകുമാർ, വൈസ് പ്രസിഡന്റ് യു.എസ്.കുട്ടി, കേരള ചാപ്റ്റർ ചെയർമാൻ റാം മേനോൻ, കൊച്ചി ചാപ്റ്റർ ചെയർമാൻ ബാബു ജോസഫ്, സെക്രട്ടറി മനോജ് മാനുവൽ, വൈസ് പ്രസിഡന്റ് എം.മായ, കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി എൽ.എസ് സജി, വൈ.സി.സി. ഡയറക്ടർ സുജിത്ത് നാരായൺ, മിഥുൻ സി. മോഹൻ, ജിതിൻ ചന്ദ്ര ബാബു തുടങ്ങിയവർ പ്രസംഗിച്ചു.

# കേരള മീഡിയ അക്കാദമി ബിരുദദാന സമ്മേളനം ഇന്ന്

**കൊച്ചി:** കേരള മീഡിയ അക്കാദമിയുടെ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിൽ 2024-25 ബാച്ചിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനവും സർട്ടിഫിക്കറ്റ് വിതരണവും ഇന്ന് രാവിലെ 11 ന് നടക്കും. കാക്കനാടുള്ള അക്കാദമി ക്യാമ്പസ്സിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ ജേർണലിസം ആന്റ് കമ്മ്യൂണിക്കേഷൻ, പബ്ലിക്ക് റിലേഷൻസ് ആന്റ് അഡ്വർടൈസിങ്ങ്, ടെലിവിഷൻ ജേർണലിസം എന്നീ വിഷയങ്ങളിൽ പി.ജി. ഡിപ്ലോമ പൂർത്തിയാക്കിയ വിദ്യാർത്ഥികളാണ് ബിരുദം ഏറ്റുവാങ്ങുന്നത്. 'പിണറായി വിജയൻ വാർത്തകൾക്കുമപ്പുറം' എന്ന പുസ്തകത്തിന്റെ പ്രകാശനം എഴുത്തുകാരനും പ്രഭാഷകനുമായ സുനിൽ പി. ഇളയിടം അക്കാദമി ജനറൽ കൗൺസിലംഗവും മാധ്യമപ്രവർത്തകയുമായ സ്മിത ഹരിദാസിന് നൽകി നിർവഹിക്കും. 'സമകാലീന മാധ്യമങ്ങളും നവോത്ഥാന മൂല്യങ്ങളും' എന്ന വിഷയത്തിലുള്ള പ്രഭാഷണവും അദ്ദേഹം നടത്തും. ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് ബിരുദദാനവും സർട്ടിഫിക്കറ്റ് വിതരണവും നിർവ്വഹിക്കും. വിവിധ വിഭാഗങ്ങളിൽ പി.ജി. ഡിപ്ലോമ റാങ്ക് നേടിയ വിദ്യാർത്ഥികൾക്കുള്ള പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്യും. അക്കാദമി വിദ്യാർഥികൾ നിർമ്മിച്ച ഷോർട്ട് ഫിലിമുകളുടെ പ്രദർശനവും നടക്കും. ചടങ്ങിൽ അക്കാദമി ചെയർമാൻ ആർ.എസ്. ബാബു അധ്യക്ഷനാവും. അക്കാദമി സെക്രട്ടറി എസ് എസ് അരുൺ, ഇൻസ്റ്റിറ്റിയൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ സി എൽ തോമസ് എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

# ഡോ. ഫദ്ൽ എച്ച്. വീരാൻകുട്ടി പുരസ്കാരം ഏറ്റുവാങ്ങി



**കൊച്ചി:** രാജീവ് ഗാന്ധി പഠന ഗവേഷണ കേന്ദ്രവും ശിവഗിരി മഠവും ചേർന്ന് സംഘടിപ്പിച്ച ഗാന്ധി-ഗുരു സമാഗമ ശതാബ്ദി സമ്മേളനത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ ആതുര ശുശ്രൂഷ രംഗത്തെ മികച്ച സേവനത്തിനുള്ള പുരസ്കാരം വി.പി.എസ് ലേക്ഷോർ ആശുപത്രിയിലെ കരൾമാറ്റ ശസ്ത്രക്രിയ വിദഗ്ധനും സീനിയർ കൺസൾട്ടന്റുമായ ഡോ. ഫദ്ൽ എച്ച്. വീരാൻകുട്ടി ഏറ്റുവാങ്ങി. കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി പുരസ്കാരം സമ്മാനിച്ചു. കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയിൽ മികച്ച വിജയനിരക്ക് നേടിയതാണ് അദ്ദേഹത്തെ പുരസ്കാരത്തിന് അർഹനാക്കിയത്.

# മഴക്കാല പൂർവ ശുചീകരണം: ജില്ലാതല ശിൽപ്പശാല സംഘടിപ്പിച്ചു




**കൊച്ചി:** മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ അധ്യക്ഷതയിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ബിനു ജോൺ ആമുഖ പ്രഭാഷണം നടത്തിയ ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏപ്രിൽ ഒന്നിന് മുമ്പായി കൃത്യമായ രൂപരേഖ തയ്യാറാക്കി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡ് പറഞ്ഞു. ഹരിത കർമ്മ സേനാംഗങ്ങൾ എല്ലാത്തരം അജൈവമാലിന്യങ്ങളും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ശേഖരിക്കുന്ന മാലിന്യങ്ങൾ പൊതു ഇടങ്ങളിൽ വക്കാതെ അന്നേ ദിവസം തന്നെ മിനി എം.സി.എഫ്, എം.സി.എഫുകളിലേക്ക് മാറ്റണം. ഓടകൾ, നീർച്ചാലുകൾ, പൊതു ജലാശയങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനും കൊതുക്, എലി തുടങ്ങിയവയുടെ പ്രജനന സ്രോതസ് നശിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഡ് അടിസ്ഥാനത്തിൽ കർമ്മപദ്ധതി തയ്യാറാക്കണം. ഹോട്ട് സ്പോട്ട്, വെള്ളക്കെട്ട് ഉണ്ടാകുന്ന സ്ഥലങ്ങൾ എന്നിവ കണ്ടെത്തി അവ ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തണം. ഈ കർമ്മപദ്ധതികൾ ഏപ്രിൽ 20ന് മുമ്പായി പൂർത്തീകരിക്കേണ്ടതാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. വാർഡ് ശുചിത്വസമിതികൾക്ക് പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാവുന്ന പരമാവധി തുക പഞ്ചായത്തുകൾക്ക് 30,000 രൂപയും, നഗരസഭകൾക്ക് 40,000 രൂപയും, കോർപ്പറേഷനുകൾക്ക് 60,000 രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, കുടുംബശ്രീയുടെ നേതൃത്വത്തിൽ എല്ലാ അയൽക്കൂട്ട കുടുംബങ്ങളും വീടും പരിസരവും കൊതുക്, എലി തുടങ്ങിയവ വളരുന്ന സാഹചര്യം ഒഴിവാക്കുന്ന തരത്തിൽ ശുചീകരിക്കുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

# പാചകവാതക സിലിണ്ടറുകൾക്ക് ക്ഷാമം; ഹോട്ടലുകൾ അടച്ചു പൂട്ടലിലേക്കെന്ന് കെ.എച്ച്.ആർ.എ

**കൊച്ചി:** വാണിജ്യ പാചകവാതക സിലിണ്ടറുകൾ ലഭിക്കാത്തതിനാൽ ഹോട്ടലുകൾ അടച്ചുപൂട്ടികൊണ്ടിരിക്കുകയാണെന്ന് കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ. പശ്ചിമേഷ്യയിലെ യുദ്ധത്തെ തുടർന്ന് ഹോട്ടലുകളിൽ പാചകവാതക സിലിണ്ടറുകൾ വിതരണം ചെയ്യുന്നില്ല. നിലവിൽ ഹോട്ടലുകളിൽ സ്റ്റോക്കുള്ള സിലിണ്ടറുകൾ ഉപയോഗിച്ചു കഴിഞ്ഞാൽ ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്ന റസ്റ്റോറന്റുകളും അടച്ചിടേണ്ടിവരും. ഇന്ധന പ്രതിസന്ധി അടിയന്തിരമായി പരിഹരിക്കണമെന്നഭ്യർത്ഥിച്ച് സംഘടന പ്രധാനമന്ത്രിക്കും, പെട്രോളിയം മന്ത്രിക്കും, മുഖ്യമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്. ഹോട്ടലുകൾ അടച്ചിട്ടാൽ ഈ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന പതിനായിരങ്ങൾക്ക് തൊഴിലില്ലാതാവും. കൂടാതെ പൊതുജനങ്ങൾക്ക് പ്രത്യേകിച്ച്, വിദ്യാർത്ഥികൾ, തൊഴിലാളികൾ, രോഗികളടക്കമുള്ളവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ അതിരൂക്ഷമായിരിക്കും. ഗാർഹിക ഉപഭോക്താക്കൾക്കെന്നപോലെ പാചകവാതകം അവശ്യവസ്തുവായി പരിഗണിച്ച് ഹോട്ടലുകൾക്കും വിതരണം ചെയ്യുവാനുള്ള അടിയന്തിര നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ പ്രസിഡന്റ് ജി. ജയപാലും ജനറൽ സെക്രട്ടറി എൻ. അബ്ദുൾ റസാഖും ആവശ്യപ്പെട്ടു.

## കേസരി ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ഉദ്ഘാടനം ഇന്ന്

**കൊച്ചി:** പറവൂർ നിയോജക മണ്ഡലത്തിലെ ജനങ്ങളുടെ ദീർഘകാലത്തെ കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് കേസരി ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ഉദ്ഘാടനം ഇന്ന് വൈകുന്നേരം 3.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും. കോളേജ് ക്യാമ്പസിൽ നടക്കുന്ന ചടങ്ങിൽ ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതിവകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു അധ്യക്ഷത വഹിക്കും. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എം പി,മുൻ മന്ത്രി എസ്. ശർമ്മ, മുൻ എം.പി. കെ.പി. ധനപാലൻ, പറവൂർ നഗരസഭാ അധ്യക്ഷൻ രമേഷ് ഡി. കുറുപ്പ്, തുടങ്ങിയവർ പങ്കെടുക്കും. കേസരി സ്മാരക ട്രസ്റ്റിന് കീഴിൽ പ്രവർത്തിച്ചിരുന്ന സ്വാശ്രയ കോളജാണ് സർക്കാർ ഏറ്റെടുത്ത് ഗവൺമെന്റ് കോളജാക്കിയത്. പ്രമുഖ പത്രപ്രവർത്തകൻ കേസരി ബാലകൃഷ്ണപിള്ളയുടെ സ്മരണാർത്ഥം ആരംഭിച്ച കലാലയം പറവൂർ മാടവന പറമ്പിൽ ആണ് സ്ഥിതി ചെയ്യുന്നത്. 160 സെന്റിൽ സ്ഥിതി ചെയ്യുന്ന കോളേജിൽ നൂതനവും തൊഴിലധിഷ്ഠിതവുമായ കോഴ്സുകളാണുള്ളത്. നിലവിൽ ബി.എസ്.സി സൈബർ ഫോറെൻസിക്, ബി. എ. ജേർണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ, ബി. കോം ഫിനാൻസ് ആൻഡ് ടാക്സേഷൻ എന്നീ കോഴ്സുകളിൽ 80 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

# ലഹരിക്കല്ല യുവാക്കൾ മുൻഗണന നൽകേണ്ടത് കായിക വിനോദങ്ങൾക്ക് : മന്ത്രി പി. രാജീവ്



**കൊച്ചി:** മയക്കുമരുന്നിന്റെ ലോകത്തേക്ക് വഴിതെറ്റി പോകാതെ, ആരോഗ്യകരമായ ഒരു കായിക സംസ്കാരം വളർത്തിയെടുക്കാൻ യുവാക്കൾ കായിക വിനോദങ്ങളെ ജീവിതത്തിന്റെ ഭാഗമാക്കണമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ പുതുതായി നിർമ്മിച്ച അന്താരാഷ്ട്ര നിലവാരത്തിലുള്ള നാചുറൽ ഫുട്ബോൾ ടർഫിന്റെ ഉദ്ഘാടനവും, 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്കിന്റെ ഒന്നാം ഘട്ട നിർമ്മാണോദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. അത്‌ലറ്റിക് ഗ്രൗണ്ടുകൾ യുവാക്കളിൽ ശാരീരികവും മാനസികവുമായ ഉന്മേഷം നൽകുന്നതോടൊപ്പം ലഹരി വിരുദ്ധ പോരാട്ടത്തിൽ വലിയ പങ്ക് വഹിക്കുമെന്നും അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ സർവകലാശാലയിലെ കായിക താരങ്ങൾക്ക് വലിയ മുതൽക്കൂട്ടാകുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച 10 കോടി രൂപ ഉപയോഗിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ നേതൃത്വത്തിലാണ് കുസാറ്റിലെ ആധുനിക കായിക സമുച്ചയം യാഥാർഥ്യമാക്കിയത്. ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി അധ്യക്ഷനായി.സിൻഡിക്കേറ്റ് അംഗം ഡോ. ശശി ഗോപാലൻ, രജിസ്ട്രാർ ഡോ.എ.യു അരുൺ,സ്പോർട്സ് കേരള ഫൗണ്ടേഷൻ ഡയറക്ടർ പി. വിഷ്ണുരാജ്, മുൻ ഒളിമ്പ്യൻ മേഴ്‌സി കുട്ടൻ, ചീഫ് എഞ്ചിനീയർ പി.കെ അനിൽകുമാർ, കുസാറ്റ് വിദ്യാർത്ഥി യൂണിയൻ ചെയർപേഴ്സൺ ജെ.ബി ഋതുപർണ തുടങ്ങിയവർ പങ്കെടുത്തു. ഉദ്ഘാടന ചടങ്ങിന് പിന്നാലെ പുതിയ ടർഫിൽ സംഘടിപ്പിച്ച ഫുട്ബോൾ ടൂർണമെന്റിന്റെ കിക്ക് ഓഫ് കർമ്മവും മന്ത്രി നിർവഹിച്ചു.

## സ്പോട്ട് അഡ്മിഷൻ : വീഡിയോ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സ്

**കൊച്ചി:** കേരള മീഡിയ അക്കാദമി കൊച്ചി സെന്ററിൽ വീഡിയോ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിദ്യാഭ്യാസയോഗ്യത പ്ലസ് ടു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ ആറ് മാസമാണ് കോഴ്സിന്റെ കാലാവധി. തിങ്കൾ മുതൽ വെള്ളി വരെ റെഗുലർ ക്ലാസ് ആണ്. താൽപര്യമുള്ളവർ മാർച്ച് 15 നു മുൻപ് യോഗ്യത സർട്ടിഫിക്കറ്റുകൾ (എസ്എസ്എൽസി, പ്ലസ് ടു) ആധാർ കാർഡ്, ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ ഒറിജിനലും കോപ്പിയും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ എറണാകുളം കാക്കനാടുള്ള കേരള മീഡിയ അക്കാദമി ആസ്ഥാന മന്ദിരത്തിൽ നേരിട്ട് ഹാജരാകാം. ഫോൺ 0484-2422275, 9447607073.

## ജൂനിയർ കൺസൾട്ടന്റ് നിയമനം

**കൊച്ചി :** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് സൈക്കാട്രി വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. എംബിബിഎസ്, എം ഐ ഡി ,ഡി എൻ ബി സി ആന്റ് ടിസിഎംസി രജിസ്ട്രേഷൻ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ളവർ നാളെ മെഡിക്കൽ സൂപ്രണ്ടിന്റെ കാര്യലയത്തിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്. 10.00 മുതൽ 10.30 വരെ ആയിരിക്കും രജിസ്ട്രേഷൻ. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് മുൻഗണന ലഭിക്കും. ഫോൺ :0484-2754000.

# സൗജന്യ ഗ്ലോക്കോമ നിർണ്ണയ പരിശോധന




*ഇടപ്പള്ളി ഐ ഫൗഷേൻ കണ്ണാശുപത്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഗ്ലോക്കോമാ വാരാചരണത്തിന്റെ ഭാഗമായി ചങ്ങമ്പുഴ പാർക്കിൽ നടത്തുന്ന സൗജന്യ ഗ്ലോക്കോമ നിർണ്ണയ പരിശോധന ക്യാമ്പ് സംബന്ധിച്ച് ദി ഐ ഫൗണ്ടേഷൻ മാർക്കറ്റിംഗ് മാനേജർ എസ്. അജിത് കുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോക്ടർ പ്രവീൺ മുരളി, സീനിയർ ഗ്ലോക്കോമ വിദഗ്ധൻ ഡോക്ടർ ഉമേഷ് കൃഷ്ണ, മാനേജർ എ.ടി ദയാനിധി എന്നിവർ വാർത്താ സമ്മേളനത്തിൽ വിശദീകരിക്കുന്നു.*

**കൊച്ചി:** ഇടപ്പള്ളി ഐ ഫൗണ്ടേഷൻ കണ്ണാശുപത്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഗ്ലോക്കോമാ വാരാചരണത്തിന്റെ ഭാഗമായി ഇന്നും നാളെയും ചങ്ങമ്പുഴ പാർക്കിൽ പൊതുജനങ്ങൾക്കായി സൗജന്യ ഗ്ലോക്കോമ പരിശോധന ക്യാമ്പ് നടത്തുമെന്ന് ദി ഐ ഫൗണ്ടേഷൻ മെഡിക്കൽ സൂപ്രണ്ട് ഡോക്ടർ പ്രവീൺ മുരളി, സീനിയർ ഗ്ലോക്കോമ വിദഗ്ധൻ ഡോക്ടർ ഉമേഷ് കൃഷ്ണ, മാനേജർ എ.ടി ദയാനിധി, മാർക്കറ്റിംഗ് മാനേജർ എസ്. അജിത് കുമാർ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

രാവിലെ ആറു മുതൽ 10 വരെയും വൈകുന്നേരം നാലു മുതൽ ആറു വരെയും നടക്കുന്ന ക്യാമ്പിൽ സൗജന്യ ബ്ലഡ് പ്രഷർ, ബ്ലഡ് ഷുഗർ എന്നീ പരിശോധനകൾ ഉണ്ടായിരിക്കും. ദി ഐ ഫൗണ്ടേഷൻ ആശുപത്രിയിൽ മാർച്ച് 31 വരെ എല്ലാ പൊതുജനങ്ങൾക്കും 9 മണി മുതൽ 6 മണി വരെ സൗജന്യ നേത്ര പരിശോധന, ഗ്ലോക്കോമ നിർണയ പരിശോധന എന്നിവയും സൗജന്യമായിരിക്കും. ഗ്ലോക്കോമ വാരാചരണത്തിന്റെ ഭാഗമായി നടത്തിവരുന്ന പരിപാടിയുമായി ബന്ധപ്പെട്ട് അവെയർനെസ് പ്രോഗ്രാം, പ്രിവിലേജ് കാർഡ് ഡിസ്ട്രിബ്യൂഷൻ, സൗജന്യ ഗ്ലോക്കോമ ബോധവൽക്കരണ ക്യാമ്പയിൻ എന്നിവയും നടത്തി വരുന്നുണ്ട്. ഗ്ലോക്കോമ നിശബ്ദത കൊലയാളിയാണെന്നും മികച്ച പരിശോധനയിൽ മാത്രമേ ഈ അസുഖം കണ്ടുപിടിക്കാൻ കഴിയുകയുള്ളുവെന്നും ഇവർ പറഞ്ഞു. കണ്ണിന്റെ അകത്ത് പ്രഷർ കൂടി ഞരമ്പിന് തകരാർ സംഭവിക്കുന്ന അവസ്ഥയാണ് ഗ്ലോക്കോമ. ഇതിന് ആദ്യഘട്ടത്തിൽ വേദനയോ, ബുദ്ധിമുട്ടോ, കാഴ്ചക്ക് പ്രശ്നങ്ങളോ ഉണ്ടാവില്ല, തുടക്കത്തിൽ തന്നെ പരിശോധിച്ച് രോഗം കണ്ടെത്തിയാൽ ചികിൽസയിലൂടെ നല്ല രീതിയിലുള്ള കാഴ്ച തിരിച്ചു കൊണ്ടുവരാൻ സാധിക്കും.

പുതിയ രീതിയിലുള്ള ഗ്ലൂക്കോമ കീഹോൾ സർജറികൾ ദി ഐ ഫൗണ്ടേഷൻ ഹോസ്പിറ്റലിൽ കുറഞ്ഞ നിരക്കിൽ ലഭ്യമാണെന്നും ഇവർ പറഞ്ഞു.

## സീനിയർ റസിഡന്റ് നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളജ് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിലേക്ക് ആശുപത്രി വികസന സമിതി മുഖേന സീനിയർ റസിഡന്റ് തസ്തികയിൽ താൽകാലിക നിയമനം നടത്തുന്നു. എംബിബിഎസ് , എംഡി ,എം എസ് /ഡി എൻ ബി, ടിസിഎംസി രജിസ്ട്രേഷൻ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ആറുമാസ കാലയളവിലേക്ക് കരാറടിസ്ഥാനത്തിലാണ് നിയമനം. താൽപ്പര്യമുള്ളവർക്ക് വയസ്സ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം എറണാകുളം മെഡിക്കൽ കോളേജിലെ മെഡിക്കൽ സൂപ്രണ്ട് ഓഫീസിനു സമീപത്തുള്ള കൺട്രോൾ റൂമിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്. അന്നേ ദിവസം 10.30 മുതൽ 11 വരെ ആയിരിക്കും രജിസ്ട്രേഷൻ. ഫോൺ 0484-2754000, 0484-2754416.

# 250 കോടിയുടെ 'ആയുർടെക്' പദ്ധതിയുമായി കുറിച്ചിയിൽ ആയുർവേദ




**കൊച്ചി:** കേരളത്തെ ആഗോളതലത്തിൽ പ്രതിരോധ ആരോഗ്യപരിപാലനത്തിന്റെയും ഉന്നതനിലവാരമുള്ള വെൽനസ് ടൂറിസത്തിന്റെയും കേന്ദ്രമാക്കാൻ ലക്ഷ്യമിട്ട്, കുറിച്ചിയിൽ ആയുർവേദ 250 കോടി രൂപയുടെ 'ആയുർടെക്' പദ്ധതി പ്രഖ്യാപിച്ചു. കേരളത്തിന്റെ പരമ്പരാഗത ആയുർവേദ പൈതൃകത്തെ അത്യാധുനിക ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) സാങ്കേതികവിദ്യയുമായി സംയോജിപ്പിച്ച്, രോഗങ്ങൾ മുൻകൂട്ടി പ്രവചിക്കാനും പ്രതിരോധിക്കാനും കഴിയുന്ന നൂതനമായ പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യഘട്ടം ഇടുക്കിയിലെ കരിമ്പനിൽ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. മൂന്ന് ഘട്ടങ്ങളിലായാണ് 250 കോടി രൂപയുടെ നിക്ഷേപം നടപ്പിലാക്കുന്നത്. ഇതിൽ എഐ അധിഷ്ഠിത ആയുർടെക് ആന്റ് വെൽനസ് ഡെസ്റ്റിനേഷൻ, 'വർക്ക് ഫ്രം നേച്ചർ' റെസിഡൻഷ്യൽ സൗകര്യങ്ങൾ, അത്യാധുനിക മരുന്ന് നിർമ്മാണ യൂണിറ്റ് എന്നിവ ഉൾപ്പെടുന്നു. ആരോഗ്യ മേഖല, സാങ്കേതികവിദ്യ, ഹോസ്പിറ്റാലിറ്റി, നിർമ്മാണ മേഖല തുടങ്ങി വിവിധ വിഭാഗങ്ങളിലായി 500 ഓളം പുതിയ തൊഴിലവസരങ്ങൾ ഈ പദ്ധതി വഴി സൃഷ്ടിക്കപ്പെടും. രോഗലക്ഷണങ്ങൾ ചികിത്സിക്കുന്നതിനപ്പുറം രോഗത്തെ വേരോടെ പിഴുതെറിയുന്നതിലാണ് ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് കുറിച്ചിയിൽ ആയുർവേദ ഡയറക്ടർ ഡോ. ജിതിൻ ജെ. കുറിച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. എഐ അധിഷ്ഠിതമായ മുൻകൂട്ടിയുള്ള രോഗനിർണ്ണയവും ആയുർവേദത്തിലെ അറിവും സംയോജിപ്പിച്ച്, വിട്ടുമാറാത്ത വേദനകൾക്കും ജീവിതശൈലീ രോഗങ്ങൾക്കും ശാശ്വത പരിഹാരം കാണുകയാണ് ലക്ഷ്യം. സ്ഥാപനത്തിലെത്തുന്നവർക്ക് 24 മണിക്കൂറും ധരിക്കാവുന്ന ഹെൽത്ത് ട്രാക്കിംഗ് സംവിധാനവും, 15,000 മുതൽ 20,000 വരെ രോഗാവസ്ഥകളുമായി ബന്ധപ്പെട്ട 1.3 ദശലക്ഷത്തിലധികം വ്യത്യസ്ത പാറ്റേണുകൾ എഐ സാങ്കേതികവിദ്യ ഉപയോഗിച്ച് വിശകലനം ചെയ്യുവാനും കഴിയും. ഇത് ഓരോ വ്യക്തിയുടെയും ആരോഗ്യത്തെ തത്സമയം നിരീക്ഷിക്കാനും കൃത്യമായ നിർദ്ദേശങ്ങൾ നൽകാനും സഹായിക്കുന്നു. പ്രാദേശിക കാർഷികടൂറിസം മേഖലകൾക്ക് ഉത്തേജനം നൽകുന്നതിലൂടെ, കേരളത്തിന്റെ ആരോഗ്യമേഖലയിൽ ഒരു പുതിയ വിപ്ലവത്തിന് കുറിച്ചിയിൽ ആയുർവേദ തുടക്കമിടുകയാണെന്നും അദ്ദേഹം പറഞ്ഞു. കുറിച്ചിയിൽ ആയുർവേദ ഡയറക്ടർ ഡോ. അമ്മു മാത്യു, വൈസ് പ്രസിഡന്റ് (ഓപ്പറേഷൻസ്) ഇ.കെ ഷാജി, വൈസ് പ്രസിഡന്റ് (മാർക്കറ്റിംഗ് ആൻഡ് സെയിൽസ്) ശ്രീനാഥ് തുളസീധരൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# റമദാൻ സ്പെഷ്യൽ വിഭവങ്ങളുമായി ലുലുവിൽ റമദാൻ മാർക്കറ്റ്



**കൊച്ചി:** റമദാൻ മാസത്തിലെ ഇഫ്താർ വിരുന്നിന് സ്വാദിഷ്ടമായ വിഭവങ്ങളുമായി ലുലുവിൽ റമദാൻ മാർക്കറ്റ് ഒരുങ്ങി. റമദാൻ മാർക്കറ്റിന്റെ ഉദ്ഘാടനം സിനിമാ താരങ്ങളായ ടിനി ടോം, കൈലാഷ്, നടി സരയു മോഹൻ, സംഗീതജ്ഞൻ ജോർജ് പീറ്റർ എന്നിവർ ചേർന്ന് നിർവഹിച്ചു. ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ്, കൊച്ചി ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, ഡെപ്യൂട്ടി ജനറൽ മാനേജർ ജയേഷ് നായർ, ലുലു ഹൈപ്പർമാർക്കറ്റ് മാനേജർ കെ. രതീഷ്, ഫ്രഷ് ഫുഡ് മാനേജർ കെ.കെ. അബീഷ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

നോമ്പ് തുറയ്ക്കാവശ്യമായ നാടൻ ഭക്ഷണങ്ങൾ ഒരുക്കിയാണ് റമദാൻ മാർക്കറ്റ് സജ്ജീകരിച്ചിരിക്കുന്നത്. ഫ്രഷ് ജ്യൂസ് വിഭവങ്ങൾ, ലൈവ് മലബാർ പലഹാര കൗണ്ടർ എന്നിവ സജ്ജമാണ്. ചിക്കൻ ഹലീം, മട്ടൻ ഹലീം തുടങ്ങിയ ഹൈദ്രാബാദി വിഭവങ്ങൾക്ക് പുറമേ മലബാറി സ്പെഷ്യൽ വിഭവങ്ങളായ മുട്ടയപ്പം, ചിരിമുട്ട, ഫിഷ്പോള, ബീഫ് കുഞ്ഞി പത്തിരി, ചിക്കൻ കുഞ്ഞിപ്പത്തിരി, ഇറച്ചിപത്തിരി ചിക്കൻ, ഇറച്ചി പത്തിരി ബീഫ്, കൽമാസ് ഫിഷ്, കോഴി അട, ക്യാരറ്റ് പോള തുടങ്ങിയ മലബാറി വിഭവങ്ങളും സ്റ്റാളിൽ ലഭ്യമാണ്. ലുലു ഹൈപ്പർ മാർക്കറ്റിൽ നിന്ന് നിത്യോപയോഗ സാധനങ്ങൾ മികച്ച വിലക്കുറവിൽ ഉപഭോക്താക്കൾക്ക് വാങ്ങാൻ സാധിക്കും. കൂടാതെ 1,129 രൂപയ്ക്ക് 14 ഇനവും 1,499 രൂപയ്ക്ക് 17 ഇനവും നിത്യോപയോഗ സാധനങ്ങളുമായി റമദാൻ സ്പെഷ്യൽ കിറ്റും ലുലു ഒരുക്കിയിരിക്കുന്നു.

# വണ്ടർഷെഫിന്റെ കേരളത്തിലെ ആദ്യ സ്റ്റോർ കോഴിക്കോട്ട് തുറന്നു



**കോഴിക്കോട്:** പ്രീമിയം കുക്ക് വെയർ, കിച്ചൺ അപ്ലയൻസസ് ബ്രാൻഡായ വണ്ടർ ഷെഫ്, കേരളത്തിലെ ആദ്യ ഔട്ട്‌ലെറ്റ് കോഴിക്കോട് ഹൈലൈറ്റ് മാളിൽ തുറന്നു. ബ്രാൻഡിന്റെ 34ാമത് എക്സ്ക്ലൂസീവ് ബ്രാൻഡ് ഔട്ട്‌ലെറ്റ് (ഇബിഒ) കൂടിയായ പുതിയ ഔട്ട്‌ലെറ്റ് വണ്ടർഷെഫിന്റെ സഹസ്ഥാപകനായ ഷെഫ് സഞ്ജീവ് കപൂറും സഹസ്ഥാപകനും സിഇഒയുമായ രവി സക്സേനയും ചേർന്ന് ഉദ്ഘാടനം ചെയ്തു. 2027 അവസാനത്തോടെ ഇബിഒകളുടെ എണ്ണം 50 ആക്കുന്നതിനു ലക്ഷ്യമിട്ടുള്ള പദ്ധതിയുടെ ഭാഗമാണ് ബ്രാൻഡിന്റെ കേരള പ്രവേശനമെന്ന് ഷെഫ് സഞ്ജീവ് കപൂർ പറഞ്ഞു. 2009ൽ സ്ഥാപിക്കപ്പെട്ട വണ്ടർ ഷെഫിന് രാജ്യത്തുടനീളമായി ഇബിഒകൾക്കു പുറമെ 20,000ലധികം റിട്ടെയിൽ ഔട്ട്‌ലെറ്റുകളിലും സാന്നിധ്യമുണ്ടെന്ന് രവി സക്സേന പറഞ്ഞു.

# മണിവ്യൂ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ബംഗളൂരു ആസ്ഥാനമായുള്ള ഉപയോക്തൃ കേന്ദ്രീകൃത, ഡിജിറ്റൽ, വായ്പാധിഷ്ഠിത ഫിൻടെക് പ്ലാറ്റ്ഫോമായ മണിവ്യൂ ലിമിറ്റഡ്. പ്രാഥമിക പൊതു ഓഹരി വിൽപ്പനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാരംഭ രേഖകൾ (ഡിആർഎച്ച്പി) സമർപ്പിച്ചു. 1500 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരിയുടമകളുടെ 13.6 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ബിഒഎഫ്എ സെക്യൂരിറ്റീസ് ഇന്ത്യ ലിമിറ്റഡ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# മോട്ടോറോള എഡ്ജ് 70 ഫ്യൂഷൻ പുറത്തിറക്കി



**കൊച്ചി:** എഐ സ്മാർട്ട്ഫോൺ ബ്രാൻഡായ മോട്ടറോളാ പുതിയ മോട്ടോറോള എഡ്ജ് 70 ഫ്യൂഷൻ പുറത്തിറക്കി. ലോകത്തിലെ ആദ്യത്തെ 50എംപി സോണി ലിറ്റിയ 710 സെൻസർ, 7000എംഎഎച്ച് ബാറ്ററി, സ്നാപ്ഡ്രാഗൺ 7എസ് ജെൻ 4 പ്ലാറ്റ്ഫോം, അൾട്രാ തിൻ ഡിസൈൻ, പാന്റോൺ വാലിഡേറ്റഡ് കളറുകൾ, 13എംപി അൾട്രാവൈഡ് മാക്രോ വിഷൻ ലെൻസ്, 32എംപി ഫ്രണ്ട് ക്യാമറ, 144 എച്ച്സെഡ് 1.5 കെ ട്രൂ കളർ ക്വാഡ്കർവ്ഡ് ഡിസ്പ്ലേ, ഗെയിമിംഗ്, മോട്ടോ എഐ 2.0, ഗൂഗിൾ ജെമിനി, മൈക്രോസോഫ്റ്റ് കോപൈലറ്റ്, പെർപ്ലക്സിറ്റി എന്നിവയുൾപ്പെടെയുള്ള മികച്ച എഐ അനുഭവങ്ങൾ എന്നിവയാണ് മോട്ടോറോള എഡ്ജ് 70 ഫ്യൂഷന്റെ സവിശേഷതകൾ.

കൂടാതെ എല്ലാ ലെൻസുകളിലും 4കെ വീഡിയോ റെക്കോർഡിംഗ്, എഐ ഫോട്ടോ എൻഹാൻസ്മെന്റ്, അഡാപ്റ്റീവ് സ്റ്റെബിലൈസേഷൻ, ഒന്നിലധികം ഫോക്കൽ ലെങ്തുകളുള്ള പോർട്രെയിറ്റ് മോഡ്, ഓട്ടോ നൈറ്റ് വിഷൻ, ഹൊറൈസൺ ലോക്ക്, ഹൈപ്പർലാപ്സ്, എന്നിവയുൾപ്പെടുന്ന പ്രോഗ്രേഡ് എഐ ക്യാമറ സിസ്റ്റമാണ് എഡ്ജ് 70 ഫ്യൂഷനിലുള്ളത്. മാർച്ച് 12 മുതൽ വിപണിയിലെത്തും. പ്രാരംഭ വില 24,999 രൂപയാണ്.

# പുതുതലമുറ എയർ കണ്ടീഷണറുകൾ അവതരിപ്പിച്ച് ഹൈസൻസ്

**കൊച്ചി:** ഇന്ത്യൻ വീടുകൾക്കായി പ്രീമിയം റൂം എയർ കൺഡീഷണർ പോർട്ട്ഫോളിയോ വിപുലീകരിച്ച് ഇന്റല്ലി കൂൾ പ്രോ സീരീസ് റൂം എ.സി.കൾ അവതരിപ്പിച്ച് ഹൈസൻസ്. അതിവേഗ ഇൻവർട്ടർ, ഇന്റലിജന്റ് കൂളിംഗ്, വൈഫൈ വോയിസ് കൺട്രോൾ എന്നിവയുൾപ്പെടുന്നതാണ് പ്രോ ശ്രേണി എ.സികൾ. ക്യൂഎസ്ഡി റാപ്പിഡ് ഇൻവർട്ടർ ടെക്നോളജി കേന്ദ്രീകരിച്ചാണ് ഇന്റല്ലി കൂൾ പ്രോ സീരീസ് ഒരുക്കിയിട്ടുള്ളതെന്ന് കമ്പനി അധികൃതർ പറഞ്ഞു.

ഇത് കംപ്രസ്സറിനെ വേഗത്തിൽ പ്രവർത്തിപ്പിക്കാനും മുറിക്കുള്ളിൽ പെട്ടെന്ന് തണുപ്പ് നൽകാനും സഹായിക്കും. ഇൻബിൽറ്റ് എ.ഐ. സ്മാർട്ട് മോഡ് മുറിയിലെ അവസ്ഥകളെയും ഉപഭോക്തൃ മുൻഗണനകളെയും അടിസ്ഥാനമാക്കി തണുപ്പിക്കാനുള്ള ഔട്ട്പുട്ട് സ്വയം ക്രമീകരിക്കും. ഇന്റല്ലി കൂൾ പ്രോ സീരീസിൽ ഫോർ ഇൻ വൺ ഹെൽത്തി ഫിൽറ്ററും ഉൾപ്പെടുത്തിയിട്ടുണ്ട്. മുറിയ്ക്കുള്ളിൽ ശുദ്ധമായ വായു ഉറപ്പാക്കാൻ ഇത് സഹായിക്കും. ഇതിനുള്ളിലെ സെൽഫ് ക്ലീൻ സംവിധാനം എ.സി. യൂണിറ്റിനുള്ളിലെ ശുചിത്വം മെച്ചപ്പെടുത്തും. മികച്ച വായു നിലവാരം ഉറപ്പാക്കാൻ ഇത് സഹായിക്കും. 28,990 രൂപ മുതലാണ് വില. ഹൈസൻസ് കണക്ട് ലൈഫ് വഴി സ്മാർട്ട് ഡിവൈസുകൾ ഉപയോഗിച്ച് എ.സിയെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും സാധിക്കും. ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലൂടെ വോയിസ് കൺട്രോൾ സംവിധാനവും വൈഫൈ വഴി വ്യക്തിഗത ഷെഡ്യൂളിംഗ്, താപനില ക്രമീകരിക്കൽ തുടങ്ങിയ കാര്യങ്ങൾ ചെയ്യാനും സാധിക്കുമെന്നും കമ്പനി അധികൃതർ പറഞ്ഞു. ഇന്റല്ലി പെർള പ്രോ സീരീസിന്റെ ത്രീ സ്റ്റാർ 1.5 ടൺ എ.സി.കൾ ആമസോൺ, ഫ്ൽപ്കാർട്ട് പോലുള്ള പ്രധാന ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും റിലയൻസ്, നന്തിലത്ത് പോലുള്ള റീട്ടെയിൽ സ്റ്റോറുകളിലും മറ്റ് അംഗീകൃത ഡീലർമാരിലും ലഭ്യമാണ്.

# ഡിവിഡന്റ് ലീഡേഴ്സ് 50 ഇൻഡക്സ് ഫണ്ട് ഇന്ന് അവസാനിക്കും

**കോഴിക്കോട്:** സുസ്ഥിരമായി ലാഭവിഹിതം നൽകുന്ന അടിസ്ഥാനപരമായി ശക്തമായ ഓഹരികളിൽ നിക്ഷേപിച്ച് ദീർഘകാല സമ്പത്ത് സൃഷ്ടിക്കാൻ നിക്ഷേപകർക്ക് പിന്തുണ നൽകുന്ന രീതിയിൽ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് അവതരിപ്പിച്ച, ഡിവിഡന്റ് ലീഡേഴ്സ് 50 ഇൻഡക്സ് ഫണ്ടിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഇന്ന് അവസാനിക്കുമെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ മനീഷ് കുമാർ പറഞ്ഞു.

മികച്ച പ്രതികരണമാണ് ഇതുവരെ പുതിയ ഫണ്ട് ഓഫറിന് ലഭിച്ചത്. ബിഎസ്‌സി 500 ഡിവിഡന്റ് ലീഡേഴ്സ് 50 സൂചികയാണ് ഫണ്ട് പിന്തുടരുന്നത്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ 33.63 ശതമാനവും അഞ്ചു വർഷങ്ങളിൽ 30.96 ശതമാനവും 10 വർഷങ്ങളിൽ 20.40 ശതമാനവും നേട്ടമാണ് ഈ സൂചിക നൽകിയിട്ടുള്ളതെന്ന് 2026 ജനുവരി 30ലെ കണക്കുകൾ വ്യക്തമാക്കുന്നു. കമ്പനിയുടെ ജനപ്രിയ യൂലിപ് പദ്ധതികളായ ഐസിഐസിഐ പ്രു സിഗ്നേചർ അഷ്വർ, ഐസിഐസിഐ പ്രു സ്മാർട്ട്കിഡ് അഷ്വർ, ഐസിഐസിഐ പ്രു സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ് (എസ്ഐപി പ്ലസ്) എന്നിവ അടക്കം വിവിധ പദ്ധതികൾക്കൊപ്പം ഡിവിഡന്റ് ലീഡേഴ്സ് 50 ഇൻഡക്സ് ഫണ്ട് ലഭ്യമാണ്. യൂലിപ് വിഭാഗത്തിൽപ്പെട്ട ഈ പദ്ധതി നിക്ഷേപകർക്ക് സുതാര്യമായ രീതിയിൽ അച്ചടക്കത്തോടു കൂടി ഓഹരി വിപണിയിൽ പങ്കാളികളാകാനുള്ള അവസരമാണ് നൽകുന്നതെന്നും മനീഷ് കുമാർ പറഞ്ഞു.

# മനുഷ്യ ശക്തിയുടെ പ്രാധാന്യം തിരിച്ചറിയുന്നിടത്ത് വിജയം നേടാനാവും: കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി




**കൊച്ചി:** ശക്തമായ രീതിയിലുള്ള സ്ഥാപനവും പ്രവർത്തനങ്ങളും സ്ഥാപിച്ചെടുക്കാൻ ശക്തമായ മനുഷ്യരുടെ സംഘം ആവശ്യമാണെന്നും എന്നാൽ അത് ബുദ്ധിമുട്ടുള്ള കാര്യമല്ലെന്നാണ് താൻ വിശ്വസിക്കുന്നതെന്നും വി ഗാർഡ് സ്ഥാപകനും പ്രമോട്ടറുമായ കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ സംഘടിപ്പിച്ച പ്രൊഫ. കെ.ടി. ചാണ്ടി അനുസ്മരണ പ്രഭാഷണത്തിൽ മനുഷ്യ ബന്ധങ്ങൾ: വിജയത്തിന്റെ അടിത്തറ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മാർക്കറ്റിംഗ് ആണ് വളരെ ബുദ്ധിമുട്ടുള്ളതെന്ന് താൻ ആദ്യം കരുതിയെങ്കിലും പിന്നീട് വിചാരിച്ചത് ഫൈനാൻസ് ആണ് അതിലും ബുദ്ധിമുട്ടുള്ളതാണെന്ന്. പിന്നീട് ജീവനക്കാരുടെ എണ്ണം ആയിരം കടന്നപ്പോൾ മാത്രമാണ് താൻ മനുഷ്യശക്തിയുടെ പ്രാധാന്യം മനസ്സിലാക്കിയതെന്നും അദ്ദേഹം പറഞ്ഞു. ശരാശരിയേക്കാൾ അൽപ്പം മുകളിൽ മാത്രമുള്ള തനിക്ക് ഇതൊക്കെ ചെയ്യാൻ കഴിയുമെങ്കിൽ മറ്റുള്ളവർക്കും കഴിയുമെന്നാണ് തന്റെ വിശ്വാസമെന്നും അദ്ദേഹം പറഞ്ഞു. പനമ്പള്ളി നഗർ കെ എം എ ഹൗസിൽ നടന്ന പരിപാടിയിൽ കെ എം എ പ്രസിഡന്റ് കെ ഹരികുമാർ അധ്യക്ഷത വഹിച്ചു. കെ എം എ മാനേജ്മന്റ് വാരാഘോഷ പരിപാടികളെ കുറിച്ച് മാനേജ്മന്റ് വാരാഘോഷ ചെയർ ഡോ. അനിൽ ജോസഫ് വിശദീകരിച്ചു. കെ.എം.എ മുൻ പ്രസിഡന്റ് സുനിൽ കെ. സക്കറിയ, കെ.എം.എ അനുസ്മരണ പ്രഭാഷണ ചെയർമാൻ ബി. ബാലഗോപാൽ, ഹോണററി സെക്രട്ടറി അനിൽ വർമ സംസാരിച്ചു.

# ഫിലിപ്സ് അൾട്രാഷൈൻ ഡൗൺലൈറ്റ് ശ്രേണി അവതരിപ്പിച്ച് സിഗ്നിഫൈ

**കൊച്ചി:** ലോകത്തിലെ പ്രമുഖ ലൈറ്റിംഗ് കമ്പനിയായ സിഗ്നിഫൈ പുതിയ ഫിലിപ്സ് അൾട്രാഷൈൻ ഡൗൺലൈറ്റ് ശ്രേണി അവതരിപ്പിച്ചു. 150 ലൂമൻസ് പെർ വാട്ട് എന്ന ഉയർന്ന കാര്യക്ഷമത നൽകുന്ന ഈ ലൈറ്റുകൾ വീടുകൾ, റീട്ടെയിൽ ഔട്ട്ലെറ്റുകൾ, വാണിജ്യ ഇടങ്ങൾ എന്നിവയ്ക്കായി രൂപകൽപ്പന ചെയ്തതാണെന്ന് കമ്പനി അധികൃതർ വ്യക്തമക്കി.

കുറവ് വൈദ്യുതി ഉപയോഗത്തിൽ കൂടുതൽ പ്രകാശം ലഭ്യമാക്കുന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത. 10വാട്ട് , 15വാട്ട്, 22 വാട്ട് മോഡലുകളോടൊപ്പം 120 ലൂമൻസ് പെർ വാട്ട് കാര്യക്ഷമതയുള്ള 5വാട്ട് മോഡലും ലഭ്യമാണ്. മികച്ച ഒപ്റ്റിക്കൽ പ്രകടനവും പുറം ഡ്രൈവർ സാങ്കേതികവിദ്യയും ഉപയോഗിച്ച് സമവായമായ പ്രകാശവും ദീർഘായുസ്സും ഉറപ്പാക്കുന്നു.

റൗണ്ട്, സ്ക്വയർ ഡിസൈനുകളിലും വോം വൈറ്റ്, നാച്ചുറൽ വൈറ്റ്, കൂൾ ഡേ ലൈറ്റ് നിറങ്ങളിലുമാണ് ഇത് ലഭ്യമാകുന്നത്. രണ്ട് വർഷത്തെ വാറന്റിയും ആപ്പ് രജിസ്ട്രേഷൻ വഴി അധിക വാറന്റിയും കമ്പനി നൽകുന്നു.

# 'വെൽത്ത് ഹബ്ബ്' അവതരിപ്പിച്ച് ഫെഡറൽ ബാങ്ക്




**കൊച്ചി:** വെൽത്ത് മാനേജ്മെന്റ് ബിസിനസ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഫെഡറൽ ബാങ്ക് 'ഫെഡ് വെൽത്ത്' എന്ന പുതിയ പ്ലാറ്റ്ഫോം അവതരിപ്പിച്ചു. ഇതിനൊപ്പം ബാങ്കിന്റെ ആദ്യ വെൽത്ത് ഹബ് എറണാകുളം ബൈപ്പാസിൽ പ്രവർത്തനമാരംഭിച്ചു. ഫെഡറൽ ബാങ്ക് ഇടപാടുകാർക്ക് അനുയോജ്യമായ വെൽത്ത് പ്രൊഡക്ടുകൾ അവതരിപ്പിക്കാനാണ് പദ്ധതിയിടുന്നത്. സ്ഥിരനിക്ഷേപം, ഇക്വിറ്റി, മ്യൂച്വൽ ഫണ്ട്, തുടങ്ങിയ ഉത്പന്നങ്ങളും അവസരങ്ങളും ഗിഫ്റ്റ് സിറ്റിയിലൂടെ അവതരിപ്പിക്കുന്ന പുതിയ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. വീരേന്ദ്ര സോംവൻശിയാണ് ഫെഡറൽ ബാങ്കിന്റെ വെൽത്ത് മാനേജ്മന്റ് ബിസിനസിന് നേതൃത്വം നൽകുന്നത്. രാജ്യമൊട്ടാകെയുള്ള പ്രധാന സ്ഥലങ്ങളിൽ വെൽത്ത് ഹബ്ബുകൾ ആരംഭിക്കുമെന്നും ഫെഡറൽ ബാങ്ക് അറിയിച്ചു. ഓഹരി വിപണിയിലെ മാറ്റങ്ങളെക്കുറിച്ചും ഗുണമേന്മയുള്ള നിക്ഷേപ അവസരങ്ങളെക്കുറിച്ചുമുള്ള മികവുറ്റ സേവനം നൽകുകയാണ് വെൽത്ത് ഹബ്ബുകളിലൂടെ ഫെഡറൽ ബാങ്ക് ലക്ഷ്യമിടുന്നത്. വൈദഗ്ധ്യം ലഭിച്ച റിലേഷൻഷിപ് മാനേജർമാരുടെയും പോർട്ട്ഫോളിയോ കൗൺസിലർമാരുടെയും സേവനം വെൽത്ത് ഹബ്ബുകളിൽ ലഭ്യമാക്കും. അതിസമ്പന്നരായ ഇടപാടുകാർക്ക് നിക്ഷേപ അവസരങ്ങൾ നൽകുന്നതിന്, നിലവിൽ ഫെഡറൽ ബാങ്കുമായി സഹകരിക്കുന്ന പ്രമുഖ സാമ്പത്തിക സേവന ദാതാക്കളായ ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡുമായുള്ള സേവന വ്യവസ്ഥകൾ പുനക്രമീകരിക്കാനും ധാരണയായിട്ടുണ്ട്. ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡിൽ 8.69 ശതമാനം ഓഹരി പങ്കാളിത്തമാണ് ഫെഡറൽ ബാങ്കിനുള്ളത്.

# സ്ത്രീ ശാക്തീകരണം: നിത അംബാനിയുടെ 'ഹീറോസ്'

**കൊച്ചി:** 2026 ലെ അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സ്ത്രീകളെ പിന്തുണയ്ക്കാനും അവർക്കുള്ളിലെ ഹീറോയെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനുമായി 'ഹീറോസ്' എന്ന പുതിയൊരു മുന്നേറ്റത്തിന് തുടക്കം കുറിച്ച് റിലയൻസ് ഫൗണ്ടേഷൻ സ്ഥാപകയും ചെയർപേഴ്സണുമായ നിത അംബാനി. സോഷ്യൽ മീഡിയയിലൂടെയാണ് പുതിയ സംരംഭത്തിന്റെ പ്രഖ്യാപനം റിലയൻസ് ഫൗണ്ടേഷൻ നടത്തിയത്.

# എഡൽവൈസ് ലൈഫ് ഇൻഷുറൻസ് 2027 ഓടെ ബ്രേക്ക് ഈവൻ ലക്ഷ്യം

**കൊച്ചി:** എഡൽവൈസ് ലൈഫ് ഇൻഷുറൻസ് അടുത്ത രണ്ട്, മൂന്നു വർഷങ്ങളിൽ ഇരട്ട അക്ക വളർച്ച ലക്ഷ്യമിടുന്നതോടൊപ്പം 2027 ഓടെ ബ്രേക്ക് ഈവൻ നേടുമെന്ന പ്രതീക്ഷയുണ്ടെന്ന് കമ്പനിയുടെ എംഡിയും സിഇഒയുമായ സുമിത് റായ് പറഞ്ഞു. 2011 മുതൽ 2016 വരെ ലൈഫ് ഇൻഷുറൻസ് മേഖലയിലെ വളർച്ച മന്ദഗതിയിലായിരുന്നുവെന്നും, 2017-18 കാലഘട്ടത്തിനുശേഷമാണ് കമ്പനിയുടെ വളർച്ചയിൽ വലിയ മുന്നേറ്റമുണ്ടായതെന്നും അദ്ദേഹം വ്യക്തമാക്കി.

ആദ്യകാലത്ത് ഒരു ചാനൽ അടിസ്ഥാനത്തിലായിരുന്നു കമ്പനി പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ പ്രോപ്രൈറ്ററി ചാനലുകളും പങ്കാളിത്ത വിതരണ സംവിധാനങ്ങളും ഉൾപ്പെടുന്ന മൾട്ടിചാനൽ ഇൻഷുറൻസായി മാറിയിട്ടുണ്ട്. ക്യു3 എഫ് വൈ 26ൽ വ്യക്തിഗത എപിഇ 38 ശതമാനം വാർഷിക വളർച്ച രേഖപ്പെടുത്തി. എഫ് വൈ26ൽ ഏകദേശം 650 കോടി പുതിയ ബിസിനസും 2,400 കോടി പ്രീമിയം വരുമാനവും ലക്ഷ്യമിടുന്നതായി കമ്പനി അറിയിച്ചു.

# വുമൺ ലൈക് യു; വനിതകളെ ആദരിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്



**കൊച്ചി:** അന്താരാഷ്ട്ര വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി ജീവിതത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച 53 വനിതകളെ ആദരിച്ചുകൊണ്ട് സൗത്ത് ഇന്ത്യൻ ബാങ്ക് 'വുമൺ ലൈക് യു' എന്ന കോഫി ടേബിൾ ബുക്കിന്റെ രണ്ടാം പതിപ്പ് പുറത്തിറക്കി. 'സ്വപ്നങ്ങൾക്കും ഉത്തരവാദിത്തങ്ങൾക്കും ഇടയിൽ' എന്ന പ്രമേയത്തിൽ ചെന്നൈയിൽ നടന്ന ചടങ്ങിൽ എഴുത്തുകാരി ഭാരതി ഭാസ്കർ മുഖ്യാതിഥിയായിരുന്നു. പ്രതിസന്ധികളെ ധീരമായി നേരിട്ട് വിജയഗാഥകൾ രചിച്ച കരുത്തരായ സ്ത്രീകളുടെ കഥകളാണ് പുസ്തകം പങ്കുവയ്ക്കുന്നത്. അപർണ ഗണേശൻ, മഹാലക്ഷ്മി ശരവണൻ, മുത്തമിൽ സെൽവി തുടങ്ങിയ പ്രമുഖർ പങ്കെടുത്ത പാനൽ ചർച്ചയും, സാമ്പത്തിക ആസൂത്രണത്തെക്കുറിച്ചുള്ള പ്രത്യേക സെഷനും ചടങ്ങിന്റെ ഭാഗമായി നടന്നു.

# മണിവ്യൂ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ബംഗളുരു ആസ്ഥാനമായുള്ള ഉപയോക്തൃ കേന്ദ്രീകൃത, ഡിജിറ്റൽ, വായ്പാധിഷ്ഠിത ഫിൻടെക് പ്ലാറ്റ്ഫോമായ മണിവ്യൂ ലിമിറ്റഡ്. പ്രാഥമിക പൊതു ഓഹരി വിൽപ്പനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാരംഭ രേഖകൾ (ഡിആർഎച്ച്പി) സമർപ്പിച്ചു.

1500 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരിയുടമകളുടെ 13.6 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ബിഒഎഫ്എ സെക്യൂരിറ്റീസ് ഇന്ത്യ ലിമിറ്റഡ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# സൈബർ പാർക്കിൽ സാൻഡ്ബോക്സിന്റെ മിനി ടെക് പാർക്ക്; നിർമ്മാണത്തിന് തുടക്കം




**കോഴിക്കോട്:** കോഴിക്കോട് ഗവ. സൈബർ പാർക്കിലെ നിർദിഷ്ട സാൻഡ്ബോക്സ് മിനി ടെക് പാർക്ക് പദ്ധതിയുടെ ഭൂമി കൈമാറ്റം നടത്തി. ഗവ. സൈബർ പാർക്കിലെ ആദ്യത്തെ പ്രൈവറ്റ് കോഡെവലപ്പർ ആണ് സാൻഡ്ബോക്സ് വർക്ക് സ്പേസസ്. കിറ്റ്ഫ്ര മാനേജിംഗ് ഡയറക്ടർ ഡോ.സന്തോഷ് ബാബു ഔപചാരികമായി ഭൂമി കൈമാറ്റ പ്രക്രിയ നിർവഹിച്ചു.

ഏകദേശം 30,000 ചതുരശ്ര അടി വിസ്തൃതിയിലുള്ള ഗ്രേഡ് എ ടെക്നോളജി വർക്ക് സ്പേസ് ആയിട്ടാണ് സാൻഡ്ബോക്സ് മിനി ടെക് പാർക്ക് ആസൂത്രണം ചെയ്തിരിക്കുന്നത്. ടെക്നോളജി കമ്പനികൾ, ഗ്ലോബൽ എന്റർപ്രൈസുകൾ, സ്റ്റാർട്ടപ്പുകൾ, ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ എന്നിവയ്ക്ക് അനുയോജ്യമായ ആധുനിക ഓഫീസ് സൗകര്യങ്ങൾ ഒരുക്കുന്നതാണ് ലക്ഷ്യം. സാങ്കേതിക നിക്ഷേപങ്ങളുടെ മുൻഗണനാ പ്രദേശമായി കോഴിക്കോട് മാറിക്കൊണ്ടിരിക്കുകയാണെന്ന് സന്തോഷ് ബാബു പറഞ്ഞു. കോഴിക്കോട് നിക്ഷേപകർക്ക് ഏറ്റവും അനുയോജ്യമായ ഇടമാണെന്നും കേരളത്തിലെ ഐടി തൊഴിൽവൈദഗ്ധ്യത്തിന്റെ നല്ലൊരു ശതമാനം ഇവിടെയുണ്ടെന്നും അദ്ദേഹം പറഞ്ഞു. മികച്ച ഐടി ആവാസ വ്യവസ്ഥ കെട്ടിപ്പടുക്കാൻ സംസ്ഥാന സർക്കാർ ക്രിയാത്മകമായ നിലപാടുകളാണ് സ്വീകരിക്കുന്നത്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഭൂമിക്ക് വലിയ ഡിമാൻഡ് ഉണ്ടാകുമെന്നും സ്വന്തമായി ശതകോടി ഡോളർ സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പരിസ്ഥിതി സൗഹൃദവും ഊർജക്ഷമവുമായ ലീഡ് സർട്ടിഫൈഡ് ഗ്രീൻ ബിൽഡിംഗ് ആയി രൂപകൽപ്പന ചെയ്യുന്ന ഈ ഫ്യൂച്ചറിസ്റ്റിക് സംരംഭം ആധുനിക സൗകര്യങ്ങളോടു കൂടിയ പ്രവർത്തന അന്തരീക്ഷവും കൂടുതൽ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മിനി ടെക് പാർക്കിന്റെ ഗ്രൗണ്ട് ഫ്ളോറിൽ കോവർക്കിംഗ് സ്പേസ് ഉണ്ടായിരിക്കും. ഇതിൽ പ്രവർത്തിക്കുന്ന കഫേ കം ലോഞ്ചിൽ ബ്രേക്ക് ഔട്ട് കോർണറുകളും ഫോൺബൂത്ത് പോഡുകളും ഫൗണ്ടർമെന്റർ ക്യാബിനുകളുമുണ്ടാകും. പ്രാരംഭ ഘട്ട സംരംഭകർക്കായി നീക്കിവച്ചിരിക്കുന്ന കോംപാക്റ്റ് ഇൻകുബേഷൻ ബേയും ഇതിൽ ഉൾപ്പെടും. വിദേശ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന എൻ.ആർ.ഐ മലയാളികളുടെ പങ്കാളിത്തത്തോടെയും നിക്ഷേപ സഹകരണത്തോടെയും കോഴിക്കോട് നഗരത്തെയും മലബാർ മേഖലയെയും ശക്തമായ ടെക്നോളജിബിസിനസ് കേന്ദ്രമായി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ദീർഘകാല ദർശനം ഉൾക്കൊള്ളുന്ന മാർഗരേഖ സാൻഡ്ബോക്സ് ഉദ്യോഗസ്ഥ സംഘം മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. സാൻഡ്ബോക്സ് വർക്ക്സ്പേസസ് ഭാവിയിൽ സൈബർ പാർക്ക് ഉൾപ്പെടെ മറ്റ് പ്രധാന കേന്ദ്രങ്ങളിലായി കൂടുതൽ ടെക്നോളജി അടിസ്ഥാന സൗകര്യങ്ങളും വർക്ക്സ്പേസ് വികസനങ്ങളും നടപ്പാക്കാനുള്ള പദ്ധതികളുമായി പ്രവർത്തിച്ചുവരുന്നതായും അധികൃതർ അറിയിച്ചു.

## സപ്ലൈകോയും തേവര എസ്.എച്ച് കോളേജും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു



**കൊച്ചി:** വിദ്യാർത്ഥികൾക്ക് പ്രായോഗിക പഠനാവസരങ്ങൾ ലഭ്യമാക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോയും തേവര സേക്രട്ട് ഹാർട്ട് കോളേജിലെ ഡിസൈൻ വിഭാഗവും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു. സപ്ലൈകോ മാനേജിംഗ് ഡയറക്ടർ വി എം ഐ ജയകൃഷ്ണൻ, എസ്.എച്ച് കോളേജ് പ്രിൻസിപ്പൽ ഡോ. സി. എസ് ബിജുവുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. സപ്ലൈകോ ഉൽപ്പന്നങ്ങളുടെ പാക്കേജിംഗ് രൂപകൽപ്പനയും വിവിധ ആശയവിനിമയ സാമഗ്രികളും തയ്യാറാക്കുന്നതും സംബന്ധിച്ച തെരഞ്ഞെടുത്ത പദ്ധതികളിൽ എസ്.എച്ച് കോളേജിലെ ഡിസൈൻ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പങ്കാളികളാകാനുള്ള അവസരം ലഭിക്കും. ഇതിലൂടെ വിദ്യാർത്ഥികൾക്ക് വ്യവസായ രംഗത്തെ യഥാർത്ഥ പ്രവർത്തനപരിചയം നേടാൻ സാധിക്കും. പദ്ധതികളിൽ സജീവമായി പങ്കാളികളായി വിജയകരമായി സംഭാവന ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകളും നൽകും.

## ഫീഡർ ബസ് നിയന്ത്രണം; ഡാറ്റ അനലിറ്റിക്സ് ഡാഷ്ബോർഡ് അവതരിപ്പിച്ച് കൊച്ചി മെട്രോ

**കൊച്ചി:** ഫീഡർ ബസ് സേവനങ്ങളുടെ കാര്യക്ഷമമായ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഡാറ്റ അനലിറ്റിക്സ് ഡാഷ്ബോർഡും ഓപ്പറേഷൻസ് ഡിസ്പ്ലേ സിസ്റ്റവും അവതരിപ്പിച്ചു. പൊതു ഗതാഗത സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഡാറ്റ അടിസ്ഥാനമാക്കിയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി കൊച്ചി മെട്രോ സ്വീകരിക്കുന്ന സാങ്കേതിക നവീകരണങ്ങളിലെ മറ്റൊരു പ്രധാന ചുവടുവെയ്പ്പാണ് ഈ സംവിധാനം. ഫീഡർ ബസുകളിൽ സ്ഥാപിച്ചിട്ടുള്ള ഫെയർ കളക്ഷൻ ഉപകരണങ്ങളിൽ നിന്നുള്ള വിവരങ്ങളും ബസ് ടെലിമാറ്റിക്സ് സംവിധാനങ്ങളിൽ നിന്നുള്ള ഡാറ്റയും ഏകോപിപ്പിച്ചാണ് ഈ ഡാഷ്ബോർഡ് പ്രവർത്തിക്കുന്നത്. ഫീഡർ ബസ് യാത്രക്കാരുടെ എണ്ണം, വരുമാനം, യാത്രക്കാർ ഉപയോഗിക്കുന്ന പേയ്മെന്റ് മാർഗങ്ങൾ, സ്ത്രീപുരുഷ യാത്രക്കാരുടെ വ്യത്യസ്ത കണക്കുകൾ തുടങ്ങിയ പ്രധാന സേവന സൂചികകൾ പ്ലാറ്റ്ഫോം വഴി ഏകോപിതമായി നിരീക്ഷിക്കാനാകും. ഇതിലൂടെ യാത്രക്കാരുടെ യാത്രാ സ്വഭാവം കൂടുതൽ വ്യക്തമായി മനസ്സിലാക്കി സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായി ആസൂത്രണം ചെയ്യാൻ സാധിക്കും. ഇതോടൊപ്പം, ബസുകളുടെ ലൈവ് ലൊക്കേഷൻ, ഇലക്ട്രിക് ബസുകളുടെ ബാറ്ററി നില, സേവന പ്രകടനവുമായി ബന്ധപ്പെട്ട പ്രധാന സൂചികകൾ എന്നിവയും റിയൽ ടൈമിൽ ലഭ്യമാകും. ഇതുവഴി പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കാനും സമയബന്ധിതമായ തീരുമാനങ്ങൾ എടുക്കാനും കഴിയും.

ജർമ്മൻ വികസന സഹകരണ സംഘടനയായ ഗിസ് ഇന്ത്യയുടെ സുമാകാ പദ്ധതിയുടെ സഹകരണത്തോടെ, കൊച്ചി മെട്രോയുടെ അർബൻ ട്രാൻസ്പോർട്ട് ടീമിന്റെ നിർദേശങ്ങൾ ഉൾപ്പെടുത്തി പ്രത്യേകമായി വികസിപ്പിച്ചെടുത്തതാണ് ഈ ഡാറ്റ അനലിറ്റിക്സ് പ്ലാറ്റ്ഫോം. മുട്ടത്തെ ഫീഡർ ബസ് ടെർമിനലിൽ നടന്ന ചടങ്ങിൽ കൊച്ചി മെട്രോ ഡയറക്ടർ (സിസ്റ്റംസ്) സഞ്ജയ് കുമാർ ഡാറ്റ അനലിറ്റിക്സ് സെന്റർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കൊച്ചി മെട്രോ അർബൻ ട്രാൻസ്പോർട്ട് വിഭാഗം അഡീഷണൽ ജനറൽ മാനേജർ ടി.ജി ഗോകുൽ, ചീഫ് ജനറൽ മാനേജർ (ഓപ്പറേഷൻസ്) എ. മണികണ്ഠൻ, ജനറൽ മാനേജർ (എച്ച്.ആർ) മിനി ചാബ്ര, ഡെപ്യൂട്ടി ജനറൽ മാനേജർ (അർബൻ ട്രാൻസ്പോർട്ട്) സജിത് വി തുടങ്ങിയവരും പങ്കെടുത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com